പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3940          20.07.15 ൽ - മറുപടിക്ക്

## റേഷൻ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ടി.എ. റഹീം : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഓൾ കേരള റേഷൻ ഡീലേഴ്സ് അസോസിയേഷൻ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | റേഷൻ വ്യാപാരികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ആൾ കേരളാ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. നിവേദനത്തിൽ റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങളായ കമ്മീഷൻ വർദ്ധനവ്, ഡോർ ഡെലിവറി, വേതന വർദ്ധനവ് എന്നീ കാര്യങ്ങളാണ് പ്രധാനമായും സൂചിപ്പിച്ചിരിക്കുന്നത്. ഇതിൽ റേഷൻ വ്യാപാരികളുടെ കമ്മീഷൻ 1.1.2015 മുതൽ ക്വിന്റലിന് പരമാവധി 100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങളുടെ ഡോർ ടു ഡോർ ഡെലിവറി നടപ്പിലാക്കുന്നതിന് സപ്ലൈകോയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയത് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കോതമംഗലം താലൂക്കിൽ ജൂൺ മാസം മുതൽ വിതരണം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) റേഷൻ വ്യാപാരികളുടെ സമരം ഒത്തു തീർപ്പാക്കുന്നതിന് നടത്തിയ ചർച്ചയിൽ എന്തെല്ലാം ധാരണകളാണ് സർക്കാരുമായി ഉണ്ടാക്കിയിരുന്നത്; | (ബി) | റേഷൻ വ്യാപാരികൾ 2014 നവംബർ മാസം 1-ാം തീയതി മുതൽ നടത്തി വന്നിരുന്ന അനിശ്ചിതകാല സമരം 12.11.2014-ന് ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിൽ ഒത്തു തീർപ്പായി. പ്രസ്തുത യോഗത്തിൽ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് പരമാവധി 100/- രൂപയാക്കി വർദ്ധിപ്പിക്കുമെന്നും ആട്ട, പഞ്ചസാര എന്നിവയുടെ ഡോർ ഡെലിവറി 1.1.2015 മുതൽ ആരംഭിക്കുമെന്നും ഇന്റന്റ് പാസാക്കുന്നത് മാസത്തിലൊരിക്കലാക്കണം എന്ന ആവശ്യം പരിശോധിക്കുന്നതാണ് എന്നും തീരുമാനമെടുത്തു. |
| (സി) ഇവ പാലിക്കുന്നതിൽ സർക്കാർ വിമുഖത പ്രകടിപ്പാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ആയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) റേഷൻ വ്യാപാരികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പഠിച്ച് നിവേദിത പി. ഹരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റേഷൻ വ്യാപാരികൾക്ക് വേതനം നൽകുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ **WFP** പഠന വിധേയമാക്കുകയും റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*